# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2342 — 18/06/2014-ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകളുടെ ദൗർലഭ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകൾ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാ മരുന്നുകൾ എല്ലാം ലഭ്യമാണ്. എന്നാൽ ജീവിതശൈലീ രോഗങ്ങൾക്ക് വേണ്ട ചില മരുന്നുകളുടെ സ്റ്റോക്കിൽ കുറവ് വന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു പരിഹരിക്കാനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞു. |
| (ബി) | ഈ സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നുകൾ വാങ്ങുന്നതിന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ടെൻഡർ നടപടികൾ സ്വീകരിച്ചത് എന്നാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | 2014-15 സാമ്പത്തിക വർഷത്തേയ്ക്കാവശ്യമായ മരുന്നുകളുടെ വാർഷിക ഇൻഡന്റ് സംസ്ഥാന ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിന്നും 10.01.2014-നും, ആരോഗ്യ വകുപ്പിൽ നിന്നും 18.01.2014-നും ലഭിച്ചു. പ്രസ്തുത ഇൻഡന്റുകൾ ക്രോഡീകരിച്ച് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിന്റെ അനുമതിയോടെ 28.01.2014 ന് കോർപ്പറേഷൻ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. 2014-15 സാമ്പത്തിക വർഷത്തെ ടെണ്ടർ ഇ-ടെണ്ടർ ആയാണ് ക്ഷണിച്ചത്. എന്നാൽ പരിചയക്കുറവു കാരണം ടെണ്ടറിൽ പങ്കെടുത്ത ഒട്ടേറെ വിതരണക്കാർക്ക് ടെണ്ടറിനാവശ്യമായ രേഖകൾ ഓൺലൈനായി സമർപ്പിക്കാൻ സാധിച്ചില്ല. ആയതിനാൽ വേണ്ടത്ര വിതരണക്കാരെയും ലഭിച്ചില്ല. ഇ-ടെണ്ടറിൽ വേണ്ടത്ര വിതരണക്കാരെ ലഭിക്കാതിരുന്നതു കാരണം ഡയറക്ടർ ബോർഡിന്റെ നിർദ്ദേശമനുസരിച്ച് പ്രസ്തുത ടെണ്ടർ റദ്ദാക്കുകയും, 11.03.2014 ന് റീ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ബോർഡ് നിർദ്ദേശാനുസരണം ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്ത ഫാർമസി കോളേജ് അദ്ധ്യാപകരും, ഡ്രഗ്ഗ്സ് കൺട്രോളർ നിർദ്ദേശിച്ച എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരും ഉൾപ്പെട്ട സംഘം 2014 മേയ് 1 മുതൽ 7 വരെയുള്ള ദിവസങ്ങൾ കൊണ്ട് ഫാക്ടറി പരിശോധന പൂർത്തീകരിക്കുകയും ചെയ്തു. തുടർന്ന് യോഗ്യത നേടിയ വിതരണക്കാരുടെ പ്രൈസ് ബിഡുകൾ പരിശോധിച്ച് മുൻവർഷത്തെ വിലയുമായും മറ്റും താരതമ്യപ്പെ |

| | | | |
|---|---|---|---|
| | | | ടുത്തി ഡയറക്ടർ ബോർഡിന്റെ അനുമതിയോടെ അവശ്യമരുന്നുകൾക്ക് ആവശ്യകതയനുസരിച്ച് 15.05.2014 മുതൽ പർച്ചേസ് ഓർഡറുകൾ നൽകുകയും, അതിൽ ചില കമ്പനികൾ മരുന്നു വിതരണം ആരംഭിച്ചിട്ടുമു ണ്ട്. |
| (സി) | സർക്കാർ ആശുപത്രികളിൽ ആന്റി റാബിസ് വാക്സിൻ ലഭ്യമാകാത്ത സാഹചര്യം സംജാതമായതെങ്ങനെയാണ്; ആന്റി റാബീസ് വാക്സിൻ അടിയന്തിരമായി ലഭ്യമാക്കാൻ ഏതെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ ? | (സി) | സർക്കാർ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിൽ പേവിഷ പ്രതിരോധ വാക്സിൻ ഉൾപ്പെടെയുള്ള മരുന്നുകൾക്ക് ക്ഷാമം നേരിട്ടിരുന്നു. കെ.എം.എസ്.സി.എൽ.ന് മരുന്നുകളുടെ ഇൻഡന്റ് നൽകിയ ശേഷം മരുന്നുകൾ വിതരണം ചെയ്യാനെടുത്ത കാലതാമസമായിരുന്നു ഇതിനുള്ള കാരണം. എന്നാൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി ഇത്തരം അടിയന്തിര സാഹചര്യങ്ങളിൽ ആശുപത്രി സൂപ്രണ്ട് തലത്തിൽത്തന്നെ അവശ്യമരുന്നുകൾ വാങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ